**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **24-08-2022 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 30 യുവ സഹകരണസംഘങ്ങളും ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടികജാതി/പട്ടിക വർഗ്ഗ യുവ സഹകരണ സംഘങ്ങൾ ഉൾപ്പെടെ 44യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയതിട്ടുണ്ട്.<br><br>യുവ സംരംഭകരേയും സേവന ദാതാക്കളെയും സഹകരണ മേഖയിലേയ്ക്കും സഹകരണ തത്വങ്ങളിലേയ്ക്കും ആകർഷിക്കുന്നതിനും, സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ സാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമാണ് ടി സംഘങ്ങളുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഓരോ സംഘത്തിനും 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>നൂതന ബാങ്കിംഗ് സംവിധാനം ഒരുക്കിയും ഐ.ടി ഉൾപ്പെടെയുള്ള തൊഴിൽ മേഖലയെ പരിപോഷിപ്പിക്കുന്നതിന് വിവിധ വായ്പ പദ്ധതികൾ നടപ്പിലാക്കിയും വിദ്യാഭ്യാസ വായ്പ നൽകിയും യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിച്ചു വരുന്നു.<br><br>വിവിധ സഹകരണ സംഘങ്ങൾ RTGS, NEFT, QR CODE ഉൾപ്പെടെയുള്ള UPI സംവിധാനം വഴി ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയും എ.ടി.എം-കൾ സ്ഥാപിച്ചും INFRASTRUCTURE സംവിധാനം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തിയും യുവാക്കളെ സഹകരണ സംഘങ്ങളിലേയ്ക്ക് ആകർഷിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ